ജീവനക്കാരുടെ നിയമന കാര്യ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്താൻ ഉത്തരവ്

203 [3174] *ശ്രീ. പി. കെ. കെ. ബാവ:*
,, *സി. ടി. അഹമ്മദ് അലി:*
,, *സി. മോയിൻകുട്ടി:*
,, *കെ. എൻ. എ. ഖാദർ:*
,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻമുഖേന നിയമിതരാകുന്ന അദ്ധ്യാപകരും മറ്റു ജീവനക്കാരും മെറിറ്റ് കാര്യയിലാണോ സംവരണ കാര്യയിലാണോ നിയമിതരാകുന്നത് എന്ന വസ്തുത അഡ്വൈസ് മെമ്മോയിലും ബന്ധപ്പെട്ട വകുപ്പിന്റെ അപ്പോയിന്റ്മെന്റ് ഓർഡറിലും രേഖപ്പെടുത്താൻ തുടങ്ങിയെങ്കിലും ഈ വിവരം ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്താൻ നിലവിൽ സംവിധാനമില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിവരം ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സർവ്വീസ് ബുക്കിന്റെ ആദ്യപേജിൽത്തന്നെ രേഖപ്പെടുത്തണമെന്ന് നിഷ്കർഷിക്കാൻ അടിയന്തിരനിർദ്ദേശം നൽകി നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നുമുതൽ ഇത് രേഖപ്പെടുത്താൻ ഉത്തരവുണ്ടാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) — (സി) പബ്ലിക് സർവ്വീസ് കമ്മീഷൻമുഖേനയുള്ള നിയമനങ്ങളിൽ ഉദ്യോഗാർഥികളെ ഓപ്പൺ കാര്യയിലാണോ സംവരണ കാര്യയിലാണോ നിയമന ശുപാർശ ചെയ്തതെന്ന് അവർക്ക് നൽകുന്ന അഡ്വൈസ് മെമ്മോയിലും വകുപ്പു മേധാവിക്ക് അയയ്ക്കുന്ന അഡ്വൈസ് ലെറ്ററിലും രേഖപ്പെടുത്തുന്നുണ്ട്. സർവ്വീസ് ബുക്കിൽ ഇക്കാര്യം രേഖപ്പെടുത്തുന്നതിന് ഉത്തരവുകളൊന്നും നിലവിലില്ല.

ഫാർമസി ഡിപ്ലോമക്കാരുടെ സർട്ടിഫിക്കറ്റ് പ്രശ്നം പരിഹരിക്കാൻ നടപടി

204 [3175] *ശ്രീ. വർക്കല കഹാർ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളെടുത്ത് പ്രീ-ഡിഗ്രി പാസ്സാകുന്നവരെ ത്രിവത്സര ഫാർമസി ഡിപ്ലോമാ കോഴ്സിന്റെ 2-ാം വർഷ ക്ലാസ്സിൽ ചേർന്നു പഠിക്കുവാൻ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം പാസ്സാകുന്നവർക്ക് ദ്വിവത്സര കോഴ്സിന്റെ സർട്ടിഫിക്കറ്റാണോ ത്രിവത്സര കോഴ്സിന്റെ സർട്ടിഫിക്കറ്റാണോ നൽകുന്നത്;

(സി) ഇത്തരത്തിൽ പഠിച്ച് വിജയിച്ചവർ സൗദി അറേബ്യയിൽ ജോലിക്ക് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും അവരുടെ യോഗ്യതാ സർട്ടിഫിക്കറ്റ് സൗദി എംബസി അറ്റസ്റ്റ് ചെയ്യാതിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(ഇ) പ്രീ-ഡിഗ്രി പാസ്സായവർക്ക് ഒരു വർഷത്തെ എക്സംപ്ഷൻ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഫാർമസി ഡിപ്ലോമക്കാർക്ക് ത്രിവത്സര കോഴ്സിന്റെ സർട്ടിഫിക്കറ്റ് നൽകി പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമോ?

ഉത്തരം

(എ) ത്രിവത്സര ഫാർമസി ഡിപ്ലോമാ കോഴ്സ് എന്ന കോഴ്സ് നിലവിലില്ല. ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളെടുത്ത് പ്രീ-ഡിഗ്രി പാസ്സാകുന്നവരെ ഫാർമസി ഡിപ്ലോമാ കോഴ്സിന്റെ 2-ാം വർഷ ക്ലാസ്സിൽ ചേർന്നു പഠിക്കാൻ അനുവദിച്ചിട്ടില്ല.

(ബി)— (ഇ) ചോദ്യം ഉദിക്കുന്നില്ല.

കൊല്ലം ജില്ലയിലെ എൽ. ഡി. ക്ലാർക്ക് നിയമനം

205 [3176] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലായി കൊല്ലം ജില്ലയിലെ എൽ. ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വകുപ്പു തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഈ വർഷം റിട്ടയർമെന്റ് വഴി കൊല്ലം ജില്ലയിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഈ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) — (ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly